ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഇതുവരെ യാതൊരു നിർദ്ദേശവും കിട്ടിയിട്ടില്ല.

ഉപയോഗശൂന്യമായ ആശുപത്രി ഉപകരണങ്ങൾ

406. [591] ശ്രീ. എൻ. ശക്തൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആശുപത്രികളിൽ ഉപയോഗശൂന്യമായിത്തീരുന്ന കട്ടിൽ തുടങ്ങിയ ഉപകരണങ്ങൾ ലേലം ചെയ്തു വിൽക്കുവാൻ ഗവൺമെൻറിൻറിന്റെ അനുമതി തേടിക്കൊണ്ടുള്ള പ്രൊപ്പോസൽസ് അനിശ്ചിതമായി നീണ്ടു പോകുന്നതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മാവേലിക്കര താലൂക്കാശുപത്രിയിലെ ഇത്തരം ഉപകരണങ്ങളുടെ കാര്യത്തിലുള്ള നിർദ്ദേശം എന്നാണ് ഡി. എച്ച്. എസ്. ഗവൺമെൻറിനയച്ചത് ;

(സി) ഗവൺമെൻറ് അനുമതി നൽകിയോ ;

(ഡി) ഇല്ലെങ്കിൽ ഇനിയെങ്കിലും കാലതാമസം ഒഴിവാക്കി അനുമതി നൽകുമോ ?

ഉത്തരം

(എ) ഇല്ല. പ്രസ്തുത നിർദ്ദേശങ്ങളിൻമേൽ സത്വരമായ ഉത്തരവ് പുറപ്പെടുവിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) 18-5-1985-ൽ.

(സി) അത്യാവശ്യമായ ചില വിവരങ്ങൾ ആരോഗ്യവകുപ്പ് ഡയറക്ടർ നൽകിയിട്ടില്ലാത്തതിനാൽ അനുമതി നൽകാൻ കഴിഞ്ഞിട്ടില്ല.

(ഡി) ആവശ്യമായ വിവരങ്ങൾ കിട്ടിക്കഴിഞ്ഞാലുടൻ അനുമതി നൽകുന്നതാണ്.

കേരള മൽസ്യത്തൊഴിലാളി ക്ഷേമ കോർപ്പറേഷൻറെ

ഭവന നിർമ്മാണ പദ്ധതി

407. [592] ശ്രീ. സി. കെ. തങ്കപ്പൻ :
,, കൊടിയേരി ബാലകൃഷ്ണൻ :
,, സി. പി. മൂസ്സാൻ കുട്ടി :
,, കെ. മൂസ്സക്കുട്ടി ;
,, ടി. കെ. അബ്ദു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള മൽസ്യത്തൊഴിലാളി ക്ഷേമ കോർപ്പറേഷൻറെ ഭവന നിർമ്മാണ പദ്ധതിയനുസരിച്ച് 1984-85, 1985-86 എന്നീ വർഷങ്ങളിൽ എത്ര വീടുകൾ നിർമ്മിക്കാൻ വായ്പ നൽകി ;

(ബി) ഈ കാലയളവിൽ എത്ര വീടുകൾ നിർമ്മിച്ചു ;

(സി) ഒരു വർഷം എത്ര വീടുകൾ നിർമ്മിക്കാനായിരുന്നു ലക്ഷ്യമിട്ടിരുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly